(ബി) ഇറ്റലി, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, ദുബായ്, ചൈന, ാഷ്യ, ആസ്ട്രേലിയ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) ഇവയ്ക്കുവേണ്ടി 152.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. (നികുതി പുറമേ).

(ഡി) ടൂറിസം മാർക്കറ്റിങ്ങിന്റെ ഭാഗമായിട്ടാണ് ഇത്തരം സിനിമകൾ നിർമ്മിച്ച് വിദേശരാജ്യങ്ങളിൽ പ്രദർശിപ്പിച്ച് വരുന്നത്. ഇതുമൂലം വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർഷംതോറും ഗണ്യമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. സിനിമ പ്രദർശനംമൂലം മാത്രമുള്ള വർദ്ധനവ് കണക്കാക്കാൻ നിർവാഹമില്ല.

കൊണ്ടോട്ടിയിൽ ഗസ്റ്റ് ഹൗസ് പണിയണമെന്ന ആവശ്യം

266 [1219] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ കീഴിൽ കൊണ്ടോട്ടിയിൽ ഒരു ഗസ്റ്റ് ഹൗസ് പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തലക്കത്തൂർ പുറക്കാട്ടിരികടവ് ഹൗസിംഗ് ബോട്ട് സർവ്വീസ്

267 [1220] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കത്തൂർ പുറക്കാട്ടിരി കടവ് കേന്ദ്രീകരിച്ച് കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ തുടങ്ങിയിരുന്ന ഹൗസിംഗ് ബോട്ട് സർവ്വീസ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(സി) ഇതിന് വേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും എന്തു തുക പിരിഞ്ഞുകിട്ടി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഹൗസ്ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ പറ്റാത്തവിധം കേടുവന്നതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)	നിർമ്മാണചെലവ്	..	21,93,334
	അറ്റകുറ്റ പണികൾ	..	2,00,000
	വരവ്	..	6,60,000

കോഴിക്കോട് ജില്ലയിലെ ടൂറിസം പദ്ധതികൾ

268 [1221] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ടൂറിസം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഓരോ പദ്ധതിക്കും അനുവദിച്ച തുകയെത്ര;

(ബി) എത്ര പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്;

(സി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി (എ) ചേർത്തിട്ടുണ്ട്.†

(ബി) എല്ലാ പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി (ബി) ചേർത്തിട്ടുണ്ട്.†

അഴീക്കോട് – മീൻകുന്ന് ബീച്ച് നവീകരണം

269 [1222] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട്-മീൻകുന്ന് ബീച്ച് നവീകരണം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാരമേഖലയിൽ വലിയ വികസന സാദ്ധ്യതയുള്ള അഴീക്കോട്-മീൻകുന്ന് ബീച്ച് നവീകരണത്തിന് സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) – (സി) ഉണ്ട്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ബീച്ച് വികസിപ്പിക്കുന്നതിനു വേണ്ടി കുട്ടികളുടെ കളിസ്ഥലം വികസിപ്പിക്കുക, വാഹനങ്ങൾക്കുള്ള പാർക്കിങ്ങ്

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly